# വലിയപറമ്പ
# ഗ്രാമ പഞ്ചായത്ത്
# 2025-26 വാർഷിക ബജറ്റ്

# വലിയപറമ്പ ഗ്രാമപഞ്ചായത്ത്
# കരട് ബജറ്റ് 2025-26

## ആമുഖം

photo

വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2025-26 ബഡ്ജറ്റ് യോഗത്തിലേക്ക് എല്ലാവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ഏറെ അഭിമാനത്തോടെയാണ് ഈ ഭരണസമിതി ബഡ്ജറ്റിനെ അഭിമുഖീകരിക്കുന്നത്. വലിയപറമ്പ ഗ്രാമപഞ്ചായത്ത് ഒട്ടേറെ പുരസ്കാരങ്ങൾ കൊണ്ടും, നേട്ടങ്ങൾ കൊണ്ടും ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു കൊണ്ടിരിക്കുന്ന വേളയിലാണ് 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുന്നത് . കുറഞ്ഞ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച പദ്ധതികളും, ബജറ്റും എങ്ങനെ നടപ്പിലാക്കുന്നു എന്നതിലാണ് ഒരു ഗ്രാമപഞ്ചായത്തിൻ്റെ വികസനത്തിൻ്റെ താക്കോൽ ഇരിക്കുന്നത്. ഒരു ഗ്രാമപഞ്ചായത്തിന് തുടർച്ചയായി മൂന്ന് വർഷം മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം ലഭിക്കുക എന്നതോടൊപ്പം മഹാത്മാ പുരസ്കാരവും നേടാനാവുക എന്നത് ചരിത്രപരമായ നേട്ടമാണ്. ഈ ഭരണസമിതിയുടെ അവസാന ബഡ്ജറ്റ് എന്ന നിലയിൽ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് ചിത്രം നൽകുന്ന ഈ രേഖയ്ക്ക് ഏറെ പ്രാധാന്യം കൈവരുന്നു . തനത് വരുമാനത്തിന്റെയും മറ്റ് വികസന ഫണ്ടുകളുടേയും വരവ് ഇനത്തിൽ ഏറെ പിന്നോക്കം നിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ ഭരണസമിതി അധികാരത്തിൽ വന്നതെന്ന വസ്തുത നമുക്ക് എല്ലാവർക്കും അറിവുള്ള കാര്യമാണ് . എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ വിഭവ സ്രോതസ്സുകൾ പ്രത്യേകിച്ച് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടു വരവിൽ വലിയ മുന്നേറ്റം നടത്തുവാൻ സാധിച്ചിട്ടുണ്ട് . അപ്രകാരം ലഭ്യമായ ഫണ്ടുകൾ നടപടിക്രമങ്ങൾ പാലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് വേണ്ടി വിനിയോഗിക്കുന്നതിന് സാധ്യമായിട്ടുണ്ട് . അത്തരത്തിൽ മതിയായ ഫണ്ടിനങ്ങളുടെ വരവും അതിന്റെ

വിനിയോഗവും ഉറപ്പുവരുത്തുന്നതിനുള്ള ധനമാർഗ്ഗ രേഖയാണ് ഈ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നതെന്ന് പ്രതീക്ഷിക്കുന്നു

വികസന ഫണ്ടിനത്തിൽ ഏറ്റവും കൂടുതൽ തുക ലഭിക്കുന്ന കാസറഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഒന്നായി മാറാൻ നമുക്ക് സാധിച്ചിട്ടുണ്ട് . വികസന ഫണ്ടിനത്തിൽ മാത്രം 7,54,59000 രൂപ വലിയ പറമ്പ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇത്രയും തുക വകയിരുത്തിയ സംസ്ഥാന സർക്കാറിന് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.ജനാധിപത്യം ശക്തിപ്പെടുന്നത് ജനങ്ങളുടെ പങ്കാളിത്തത്തോടെ ചെറുതും വലുതുമായ ഭരണ സംവിധാനങ്ങൾ അർത്ഥ പൂർണ്ണമായി പ്രവർത്തിക്കുമ്പോഴാണ്. സ്വതന്ത്രവും സുതാര്യവുമായ പ്രാദേശിക സർക്കാർ ആയി ഒരു പഞ്ചായത്ത് ശക്തി പ്രാപിക്കുന്നത് നേതൃത്വ ഗുണം പ്രകടിപ്പിക്കുമ്പോഴാണ്. ചേർന്നു നിൽക്കുകയും ചേർത്തു നിർത്തുകയും ചെയ്യുമ്പോഴേ പ്രാദേശിക ഭരണം അർത്ഥവത്താവൂ. പ്രാഥമികമായി ബജറ്റ് എന്നത് ക്ഷേമസമൂഹം എന്ന ലക്ഷ്യത്തിലേക്കുള്ള വ്യക്തമായ ചൂണ്ടുപലകയാണ്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, നിന്ദിതരുടെ, പീഢിതരുടെ, അധഃസ്ഥിതരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പദ്ധതികൾക്കാണ് നാം മുൻഗണന നൽകേണ്ടത് . സർക്കാറിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് 2025-26 വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികളും ഇതോടൊപ്പം കൈക്കൊണ്ടു വരികയാണ്. തനത് വരുമാനവും വിഭവസമാഹരണ സാധ്യതകളും പരിമിതികളാണെങ്കിലും, ലഭ്യമായ സ്രോതസ്സുകൾ ജനകീയവും ജനോപകാരപ്രദമായ തരത്തിലും രൂപപ്പെടുത്തുന്ന പ്രക്രിയയ്ക്കാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് ഈ ബഡ്ജറ്റിലൂടെ പ്രാമുഖ്യം നൽകുന്നതിന് ലക്ഷ്യമിടുന്നത് . ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ ജനങ്ങളുടെയും സമഗ്രമായ സാമൂഹിക വികസനത്തിനായി വിവിധ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക എന്നതാണ് പഞ്ചായത്തിന്റെ അടിസ്ഥാനപരവും പ്രാഥമികവുമായ ഉത്തരവാദിത്തം. പ്രളയവും കോവിഡ് മഹാമാരിയും പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ സർക്കാരിനും ജനങ്ങൾക്കും ഒപ്പം നിന്ന് പ്രവർത്തിച്ചവരാണ് ജനപ്രതിനിധികൾ. വിവിധ മേഖലകളിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ തുടർച്ച സമയബന്ധിതമായി നടപ്പാക്കുന്നതിനു ഗ്രാമപഞ്ചായത്ത് ഏറെ ശ്രദ്ധ പുലർത്തി വരുന്നു. ഒരു നാടിന്റെ വികസനോന്മുഖമായ പുരോഗതിക്ക് ഊന്നൽ നൽകി കടലും കായലും അതിരിടുന്ന ഈ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിനുള്ള പദ്ധതികളാണ് ബഡ്ജറ്റ് അവതരണത്തിലൂടെ വിഭാവനം ചെയ്യുന്നത്. വാർഷിക പദ്ധതി രൂപപ്പെടുത്തുന്നതിലും തുടർച്ചയായി കഴിഞ്ഞ മൂന്നു വർഷവും മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരവും മഹാത്മാ പുരസ്കാരവും നേടിയെടുക്കുന്നതിനും പഞ്ചായത്തിന്റെ മറ്റ് പ്രവർത്തനങ്ങളിലും ഭരണസമിതി

അംഗങ്ങൾ,ജീവനക്കാർ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ,വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ,ഘടക സ്ഥാപന ജീവനക്കാർ തുടങ്ങി എല്ലാവരിൽ നിന്നും നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. വരും കാലങ്ങളിലും ഇത് പ്രതീക്ഷിക്കുകയാണ്. ഒരു നാടിനെ രൂപപ്പെടുത്താൻ ജനകീയാസൂത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പൂർത്തീകരിച്ച ഈ കാലഘട്ടം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ നാലാമത്തെ പദ്ധതി വർഷത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുന്നതിനും സുസ്ഥിര വികസന പാത പിന്തുടരുന്നതിനും എല്ലാവരും കൂടെയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വലിയപറമ്പ

18/03/2025

സ്നേഹപൂർവ്വം

വി വി സജീവൻ

പ്രസിഡന്റ്,

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## കരട് ബജറ്റ് 2025-26

വൈസ് പ്രസിഡണ്ട്

ഫോട്ടോ

## അവതരണം - ശ്യാമള പി(വൈസ് പ്രസിഡണ്ട്, വലിയപറമ്പ ഗ്രാമപഞ്ചായത്ത്)

പ്രിയപ്പെട്ടവരെ,

ദീർഘവീക്ഷണത്തോടെയും വിശാലമായ കാഴ്ചപ്പാടോടെയും കൂടി തയ്യാറാക്കുന്ന വരവ് ചെലവ് കണക്കുകളുടെ പ്രതീക്ഷിത ക്രോഡീകരണമായി ഗ്രാമപഞ്ചായത്തുകളുടെ വരുന്ന സാമ്പത്തികവർഷത്തെ വികസനവും ആശയങ്ങളും രൂപപ്പെടുന്നതാണ് ഓരോ ബഡ്ജറ്റും.ഈ ഭരണസമിതിയുടെ അഞ്ചാമത്തേതും 2025-26 സമ്പത്തിക വർഷത്തേതുമായ ബഡ്ജറ്റ് അവതരണത്തിലേക്ക് ഏവരെയും ഏറെ അഭിമാനത്തോടെയും ചാരിതാർത്ഥ്യത്തോടെയും സ്വാഗതം ചെയ്യുന്നു

മുൻ പ്രതീക്ഷിത നീക്കി ബാക്കി **9,94, 640** രൂപ അടക്കം ആകെ **23,72,46,265** രൂപ പ്രതീക്ഷിത വരവും **23,63,84,625** രൂപ പ്രതീക്ഷിത ചെലവും ഉൾപ്പെടെ **861640** രൂപ നീക്കിയിരിപ്പ് പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് 2025-26 വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്.

മുൻ വർഷങ്ങളിൽ നടപ്പിലക്കിയ മികവാർന്ന പദ്ധതികളുടെ ഫലമായി നേടിയെടുത്ത നേട്ടങ്ങളും പുരസ്കാരങ്ങളും നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള വികസന കാഴ്ചപ്പാടോടുകൂടിയാണ് ഈ ബഡ്ജറ്റ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് . തനത് ഫണ്ടിന്റെ കുറവും പാരിസ്ഥികമായ പ്രത്യേകതയും കൊണ്ട് പിന്നോക്കാവസ്ഥയിൽ നിന്നിരുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ജനകീയമായ

ഇടപെടലിനും കൂട്ടായ്മകൾക്കും ശക്തി പകർന്ന് മികവാർന്ന ഒരു വികസന കാഴ്ചപ്പാട് മുന്നോട്ട് വെക്കാനും അതിനനുസരിച്ച് തിളക്കമാർന്ന നേട്ടങ്ങളിലേക്ക് മുന്നേറാനും നമുക്ക് സാധിച്ചിട്ടുണ്ട്. നാടിന്റെ പുരോഗതിയും മെച്ചപ്പെട്ട ജീവിത സാഹചര്യവും സാമൂഹ്യനീതിയും ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങളുമായി ഭരണസമിതി ജനങ്ങളോടൊപ്പം ഉണ്ട് എന്ന ചിന്ത ഓരോരുത്തരിലും ഉണർത്താൻ ഈ ചുരുങ്ങിയ കാലയളവ് കൊണ്ടു തന്നെ നമുക്ക് സാധിച്ചിട്ടുണ്ട്. ഏതവസരത്തിലും താങ്ങും തണലുമായി എനിക്കൊപ്പം പ്രാദേശിക ഭരണകൂടവും ജനപ്രതിനിധികളുടെ സഹായ സഹകണവുമുണ്ട് എന്ന ബോധ്യം സാധാരണക്കാരിൽ ഉണ്ടാക്കിയ ആത്മവിശ്വാസം ചെറുതല്ല. അത്തരത്തിൻ തുടർന്നും വ്യക്തവും കൃത്യവുമായ പ്രവർത്തനങ്ങളോടെ എന്നും ജനങ്ങളോടൊപ്പം ചേർന്ന് നില്ക്കാൻ നമ്മളുണ്ടാവും.

## ഉൽപ്പാദന മേഖല

ഒരു നാടിനെ സ്വയം പര്യാപ്തമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉൽപ്പാദന മേഖലയുടെ വളർച്ചയും വികസനവും വലിയ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയ്ക്ക് ആവശ്യമായ തുക സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി, കാലിത്തീറ്റ സബ്സിഡി,മുട്ടക്കോഴി വിതരണം, പെണ്ണാട് വിതരണം , എന്നിവയ്ക്കും തെങ്ങിന് ജൈവവള വിതരണം, നെൽകൃഷിക്ക് കൂലിച്ചെലവ്,ഇടവിള കൃഷി,,പച്ചക്കറി കൃഷി വികസന പദ്ധതി,പുഷ്പ കൃഷി, തുടങ്ങിയവയ്ക്കും മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ഐസ് ബോക്സ് വിതരണം, മത്സ്യത്തൊഴിലാളി സുരക്ഷയ്ക്കായി ലൈഫ് ജാക്കറ്റ് വിതരണം ,മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് വിതരണം,ഫർണിച്ചർ വിതരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതിനായി ആകെ 1,87,40,000 രൂപ ഉൽപ്പാദന മേഖലയിൽ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സേവനമേഖല

നവകേരളം കർമ്മ പദ്ധതി 2 ൽ പെട്ട ആർദ്രം,ലൈഫ്,ഹരിതകേരളം, വിദ്യാകിരണം (പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) എന്നീ നാല് മിഷനുകൾ സേവനമേഖലയിൽ നിക്ഷിപ്തമായതിനാൽ നമുക്ക് ലഭിക്കുന്ന ഏറ്റവും കൂടുതൽ തുക നീക്കി വെക്കുന്നത് സേവന മേഖലയിലാണ്,വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, അങ്കണവാടി പോഷകാഹാരം, അങ്കണവാടി ജീവനക്കാർക്കുള്ള അധിക ഹോണറേറിയം,എസ് എസ് കെ വിഹിതം, തുടർവിദ്യാഭ്യാസ പ്രവർത്തനം തുടങ്ങിയ പദ്ധതികൾക്കായി തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിൻറെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി ഭരണസമിതി പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആശ്വാസമായി സ്കോളർഷിപ്പ് നൽകുന്നതിന് 35,65000 രൂപ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായും തുക വകയിരുത്തിയിട്ടുണ്ട്.സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുന്നതിനുള്ള ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി 2,12,00,000 രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ മുഴുവൻ വിവരങ്ങളും ജി ഐ എസ് മാപ്പിംഗ് നടത്തുന്നതിന്റെ ഭാഗമായി 13 ലക്ഷം രൂപ വകയിരുത്തി ദൃഷ്ടി **2025-26** എന്ന് പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്

.വനിതാ ഘടക പദ്ധതിയിൽ വനിതാശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. റെഡി റ്റു ഈറ്റ് ആൻറ് കുക്ക് ഫിഷ് സെൻറർ എന്നപേരിൽ വനിതകൾക്കായി സംരംഭം തുടങ്ങുന്നതിലേക്കായി നൂതന ആശയത്തോടു കൂടിയുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട് .

പഞ്ചായത്തിലെ ഖര-ദ്രവ മാലിന്യ നിർമ്മാർജനത്തിന് എല്ലാ വീടുകളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 2025-26 വർഷത്തിലേക്കും തുക വകയിരുത്തിയിട്ടുണ്ട്.

<u>പശ്ചാത്തല മേഖല</u>

ഈ ബജറ്റിൽ പശ്ചാത്തല സൗകര്യത്തിൻറെയും റോഡിൻറയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്.ഒരു നാടിനെ മികച്ചതാക്കുന്നതിൽ അടിസ്ഥാന വികസന കാര്യത്തിൽ റോഡുകളും മറ്റ അനുബന്ധ പ്രവർത്തനങ്ങളും സുപ്രധാന പങ്കാണ് വഹിക്കുന്നത്.റോഡ് മെയിൻറനൻസ് പ്രവർത്തികൾക്കായി സംസ്ഥാന സർക്കാരിൻറെ വിവിധ ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ ബഹു.എം രാജഗോപാലൻ എംഎൽഎ യുടെ ഇടപെടൽ ഏറെ പ്രശംസനീയമാണ്..
ഗ്രാമങ്ങളും നഗരങ്ങളും ഒരുപോലെ മുന്നോട്ട് പോകുമ്പോഴേ യഥാർത്ഥ സമാധാനവും സമൃദ്ധിയും ഉറപ്പുവരുത്തുവാനാവൂ എന്ന തത്ത്വത്തെ അടിസ്ഥാനമാക്കി ഇടയിലക്കാട്ബണ്ട് , മാടക്കാൽ ബണ്ട് , വലിയപറമ്പ പാലം , മാവിലാകടപ്പുറം പാലം

എന്നിവിടങ്ങളിൽ അലങ്കാര ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ഉൾപ്പെടുത്തിയ 20 ലക്ഷം രൂപ ഉൾപ്പെടെ തെരുവുവിളക്കുകൾക്കായി ആകെ 41,75000/- രൂപയാണ് 2025-26 വാർഷിക ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ആരോഗ്യം

സാമൂഹികമായി നിരവധി നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ടെങ്കിലും ആരോഗ്യരംഗത്ത് വലിയതോതിലുള്ള ശ്രദ്ധയും ജാഗ്രതയും ഇനിയും അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടിയിരിക്കുന്നു. പൊതുവായി നാം ഇന്ന് നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പലതാണ്. പഴയ രോഗങ്ങളുടെ തിരിച്ചുവരവ്, പുതിയ രോഗങ്ങളുടെ ആധിക്യം, ജീവിത ശൈലിരോഗങ്ങളുടെ വർദ്ധനവ്, മദ്യപാനം , ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം , വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് എന്നിവ ഇവയിൽ ചിലതാണ്. വർഷങ്ങളുടെ ശ്രമഫലമായി പൊതുജനാരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ അത്രയും തകിടം മറിഞ്ഞുപോകുന്ന സ്ഥിതിയിലേക്ക് ഇത് കാര്യങ്ങളെ എത്തിക്കുമെന്നത് നമ്മൾ ഏവരും ആശങ്കയോടെ കാണേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പൊതുജനങ്ങളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു പുത്തന്ചുവടുവെപ്പാണ് ഈ ബജറ്റിലൂടെ നാം ലക്ഷ്യം വെയ്ക്കുന്നത്. ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട പദ്ധതികളാണ് ഭരണസമിതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ പ്രധാന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് ജീവനക്കാരോടൊപ്പം ഭരണസമിതി പ്രത്യേകം താൽപര്യമെടുത്ത് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. .മാടക്കാൽ ആയുർവ്വേദ ഡിസ്പെൻസറി ഹെൽത്ത് ആൻറ് വെൽനെസ് സെൻററായി ഉയർത്തുകയും സ്ഥാപനത്തെ ആയുർവ്വേദ സ്ത്രീ രോഗ ചികിത്സയുടെ സ്പെഷ്യാലിറ്റി കേന്ദ്രമായി ഉയർത്തുകയും ഇതിനായി ഒരു ഡെക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.സ്ത്രീ രോഗ ക്ലിനിക്കിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് പ്രഥമ പരിഗണന ഈ ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്.ആയത് കൊണ്ട് തന്നെ മരുന്നുകൾ വാങ്ങുന്നതുൾപ്പെടെ ആകെ ആരോഗ്യ മേഖലയ്ക്ക് ഈ ബജറ്റിൽ 46 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## ടൂറിസം

അനന്ത സാധ്യതകളും അതിലേറെ പ്രതീക്ഷിക്കുന്ന വാതായനങ്ങളും തുറന്നിടുന്ന ഒന്നാണ് വലിയപറമ്പയുടെ ടൂറിസം കാഴ്ചപ്പാട്. പ്രശാന്തസുന്ദരവും, പ്രതീക്ഷകൾക്കപ്പുറത്തെ നിറ കാഴ്ചകളും , പ്രകൃതിയുടെ പറുദീസയായ വലിയപറമ്പയുടെ ഭൂപ്രകൃതിയും, ഹരിതാഭമായ പച്ചപ്പുകളും ടൂറിസത്തിന് ഏറെ വഴിതുറക്കുന്നുണ്ട്.കായലും കടലും അതിരിടുന്ന വലിയപറമ്പയുടെ സൗന്ദര്യം ആസ്വദിക്കാൻ നിത്യവും നിരവധി

പേരാണെത്തുന്നത്. ഇനിയുമേറെ വലിയപറമ്പിന് മുന്നോട്ട് പോകാനാകും.സർക്കാരിന്റെ പ്രത്യേക ശ്രദ്ധ വലിയപറമ്പിന്റെ സർവ്വോന്മുഖമായ വികസന കാഴ്ചപ്പാടുകൾക്ക് വേഗം കൂട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാറിൻറെ 2024-25 ബഡ്ജറ്റിൽ പഞ്ചായത്തിലെ ഒരിയറ ബീച്ച് ടൂറിസം പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തിയത് ഏറെ അഭിമാനകരമാണ്.അതോടൊപ്പം ഈ തുക വകയിരുത്തിയ സംസ്ഥാന സർക്കാറിന് ഭരണസമിതി നന്ദി അറിയിക്കുന്നു. തീരദേശ ഹൈവേയും, സ്ട്രീറ്റ് പദ്ധതിയും, വലിയപറമ്പ നാടിന്റെ മുഖച്ഛായ മാറ്റുമെന്നത് ഏറെ പ്രതീക്ഷയോടെ കാണുകയാണ്.

## തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് തന്നെ മാതൃകയായി 1900 ലധികം സോക്പിറ്റുകൾ ക്യാമ്പയിനായി പൂർത്തീകരിച്ചത് ഭരണസമിതിയുടെയും,ജീവനക്കാരുടെയും തീരദേശ ജനതയുടെയും മികവിന്റെ ഒരു പൊൻതൂവലാണ്. കടൽ തീരത്തിന് ഒരു ഹരിത കവചം എന്ന പേരിൽ ആദ്യ ഘട്ടത്തിൽ 25,000 കാറ്റാടി തൈകളും രണ്ടാം ഘട്ടത്തിൽ 50,000 കാറ്റാടി തൈകളും വെച്ചുപിടിപ്പിക്കാനായത് നൂറ് തൊഴിൽദിനം എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം കടക്കുന്നതിന് സഹായകരമായിട്ടുണ്ട്. മേൽ പ്രവർത്തനം മൂലം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഇന്ത്യക്ക് തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനം കാഴ്ച വെക്കാനായിട്ടുണ്ട്.

കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി മാടക്കാൽ കണ്ടൽ സംരക്ഷണ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.10000 കണ്ടൽ തൈകളുടെ നഴ്സറി ഇതിനോടകം തന്നെ ഉൽപാദിപ്പിക്കുകയും ആയത് മുഖേന തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.വിവിധ ഇനം കണ്ടൽ ചെടികളുടെ ഒരു പഠനകേന്ദ്രം എന്ന നിലയിൽ ഉയർത്തിക്കൊണ്ടു വരുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.നീരുറവ പദ്ധതിയുടെ ഭാഗമായി തോടുകളും കുളങ്ങളും പുനരുജ്ജീവിപ്പിച്ച് കയർഭൂവസ്ത്രം വിരിക്കുന്നത് വഴി തൊഴിൽ ദിനം വർദ്ധിക്കുകയും ജലാശയങ്ങൾ വീണ്ടെടുക്കുകയും ചെയ്യുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് കാലാവസ്ഥവ്യതിയാനത്തിന്റെ ഭാഗമായി അനുദിനം തീര ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കടൽത്തീരം സംരക്ഷിക്കാൻ ജൈവബണ്ട് നിർമ്മിക്കുന്നത് വഴി ഒരു പരിധിവരെ കരസംരക്ഷിക്കുന്നതിനും ഇതുമൂലം തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട് . 6 കോടിയോളം രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷം ചിലവഴിക്കാൻ സാധിച്ചത് വലിയപറമ്പ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് അഭിമാനകരമാണ്

## ഉപസംഹാരം

ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി, അടിസ്ഥാന- പശ്ചാത്തല- സേവന- കാർഷിക-വ്യാവസായിക മേഖലകളിലെ വികസനം സാധ്യമാക്കി, പ്രകൃതിയും മനുഷ്യനും ഒന്നെന്ന സങ്കല്പം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കുവാൻ വരും നാളുകളിൽ കഴിയേണ്ടതുണ്ട്. ഭൂപ്രകൃതി, കൃഷി, വ്യവസായം, മൃഗസംരക്ഷണം, ജലസേചനം, സഹകരണം, വിഭവസമാഹരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഗതാഗതം, ഊർജ്ജം, വനിതാ ശിശുവികസനം, വയോജനക്ഷേമം. പാർപ്പിടം. കലാകായികം, സാംസ്കാരികം, പട്ടികജാതി- വികസനം, മത്സ്യത്തൊഴിലാളി ക്ഷേമം വികലാംഗക്ഷേമം, മാലിന്യസംസ്കരണം എന്നിങ്ങനെയുള്ള സമസ്തമേഖലകളിലെയും സമഗ്രവികസനം എന്ന ആശയമാണ് നമ്മുടെ ഈ ബജറ്റിന്റെ കാതൽ. വികസന പ്രക്രിയയിൽ പഞ്ചായത്തിലെ ഒരു വിഭാഗമെന്നല്ല, ഒരു വ്യക്തി പോലും ഒഴിവാക്കപ്പെടരുത് എന്ന് ഈ ഭരണസമിതിക്ക് നിർബന്ധമുണ്ട്.

ജനക്ഷേമവും സാമൂഹിക നീതിയും നാടിന്റെ പുരോഗതിയും ഉറപ്പ് വരുത്തി കൊണ്ട് വികസനപാതയിലൂടെ മുന്നോട്ട് നയിക്കുവാനുള്ള പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതിനാവശ്യമായ സർവ്വതല സ്പർശിയായ ഇടപെടലുകൾ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സർവ്വോപരി ജനങ്ങളുടേയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതുണ്ട്.

വികസനം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്ന ഒന്നല്ല. അതിന് ദീർഘ ദർശകമായി വികേന്ദ്രീകൃത പദ്ധതി, സാമ്പത്തിക ഉത്തരവാദിത്തം, ജനക്ഷേമ പ്രതിബദ്ധത, എന്നിവ ആവശ്യമാണ്. സ്ഥിരമായ വളർച്ച, പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, ജനകീയ പങ്കാളിത്തം, എന്നിവ മുൻനിർത്തിയുള്ള സമഗ്ര പദ്ധതിയാണ് ഈ ബജറ്റ്. സമ്പത്ത് കരുതലോടേയും, കൃത്യതയോടേയും വിനിയോഗിക്കുമ്പോഴേ ഗ്രാമ വികസനം പ്രായോഗികമാകൂ. തുടർച്ചയായി മൂന്ന് വർഷം മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം ലഭിക്കുക എന്നതോടൊപ്പം മഹാത്മാ പുരസ്കാരവും നേടാനായത് വലിയ പറമ്പ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണ് . ദീർഘവീക്ഷണം,നിശ്ചയദാർഢ്യം,പരസ്പരാശ്രയത്വം ഇവ ചേർത്തു പിടിച്ചു കൊണ്ടുള്ള ശ്രമങ്ങളിലൂടെ വരും വർഷങ്ങളിലും ഇത്തരം നേട്ടങ്ങൾ കൈവരിക്കുന്നതിന് നമ്മൾക്ക് സാധ്യമാകും. എന്ന് ഉറച്ച വിശ്വാസത്തോടെ വലിയപറമ്പ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി രൂപ കൽപ്പന ചെയ്ത 2025-26 വർഷത്തെ ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ അംഗീകാരത്തിനായി വിനയപൂർവം സമർപ്പിക്കുന്നു

ഈ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ സഹകരണം നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.വി.വി.സജീവൻറെ നേതൃത്വത്തിലുള്ള ഭരണസമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയ എല്ലാവർക്കും സസ്നേഹം നന്ദി അറിയിക്കുന്നു

(ഒപ്പ്)

ശ്യാമള പി

വൈസ് പ്രസിഡൻറ് & സ്റ്റാൻറിംങ് കമ്മിറ്റി ചെയർപേഴ്സൺ

വലിയപറമ്പ ഗ്രാമപഞ്ചായത്ത്

# VALIYAPARAMBA GRAMA PANCHAYATH

## BUDGET FOR YEAR 2025-26

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = B17+B15+B12 - B2-B4-B7-B9) | | -26,01,668 | -36,09,853 | 9,94,640 |
| INCOME | | | | |
| BS-1-REVENUE INCOME-TAXES | | | | |
| 1101001 | Property Tax-വസ്തു നികുതി | 11,78,890 | 21,00,000 | 22,00,000 |
| 1101101 | Service Tax-സേവന നികുതി | - | 1,05,000 | 1,10,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 6,19,600 | 10,00,000 | 12,00,000 |
| 110 | Total-Tax Revenue | 17,98,490 | 32,05,000 | 35,10,000 |
| BS-2--REVENUEINCOME-NON-TAX | | | | |
| 130 | Rental Income from Panchayat Properties | | | |
| 1308001 | Other Rents- മറ്റ് വാടകകൾ | - | 10,000 | 15,000 |
| 130 | Total-Rental Income from Panchayat Properties | 0 | 10,000 | 15,000 |
| 140 | Fees & User Charges | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 258 | 10,000 | 12,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 36,900 | 50,000 | 60,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 12,04,256 | 12,00,000 | 16,00,000 |
| 1401301 | Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 7,462 | 15,000 | 18,000 |
| 1402001 | Penalties and Fines-ഫൈൻ | 1,21,569 | 1,50,000 | 1,60,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 3,00,225 | 3,00,000 | 3,50,000 |
| 1405001 | User Charges Collected-യൂസർ ചാർജ് | 44,827 | 1,000 | 30,000 |
| 140 | Total-Fees & User Charges- | 17,15,497 | 17,26,000 | 22,30,000 |
| 150 | Sale & Hire Charges | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 5,830 | 10,000 | 10,000 |
| 1501101 | Sale of Forms-ഫാറം വില | 10,100 | 80,000 | 80,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 29,200 | 40,000 | 50,000 |
| 150 | Total-Sale & Hire Charges | 45,130 | 1,30,000 | 1,40,000 |
| 151 | Receipts from Transferred Institutions | | | |
| 151 | Total-Receipts from Transferred Institutions | 0 | 0 | 0 |
| 170 | Income from Investments | | | |
| 170 | Total-Income from Investments | 0 | 0 | 0 |
| 171 | Interest Earned | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 63,285 | 1,60,000 | 1,60,000 |
| 1718001 | Other Interest-മറ്റ് പലിശ വരവുകൾ | 4,756 | 10,000 | 10,000 |
| 171 | Total-Interest Earned | 68,041 | 1,70,000 | 1,70,000 |
| 180 | Other Income | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 0 | 30,000 | 30,000 |
| 1801101 | Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 10,000 | 10,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1804001 | **Recovery from Employees-ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ** | 0 | 5,000 | 10,000 |
| 1808001 | **Miscellaneous Income** | 0 | 1,00,000 | 1,00,000 |
| 180 | **Total-Other Income** | 0 | 1,45,000 | 1,50,000 |
| | **Total-Non tax revenue** | 18,28,668 | 21,81,000 | 27,05,000 |
| **BS-3-GENERALPURPOSEFUND** | | | | |
| 1601005 | **General purpose fund-ജനറൽ പർപ്പസ് ഫണ്ട്** | 58,79,700 | 1,07,31,950 | 89,36,000 |
| | **Total-General purpose fund** | 58,79,700 | 1,07,31,950 | 89,36,000 |
| **BS-4-REVENUEINCOMEPLANGRANTS** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 5,89,18,213 | 29,11,689 | 4,28,00,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 3,30,42,407 | 8,21,58,153 | 9,95,36,000 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 10,00,000 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 82,40,000 | 34,00,000 |
| 3205001 | Grants, Funds & Contributions for Specific Purposes - Welfare Bodies-ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 5,000 | 0 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | 25,06,184 | 90,81,000 | 10,32,000 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 77,73,615 | 40,82,625 |
| 320 | **Total Revenue income Plan Grants** | 9,44,66,804 | 11,01,69,457 | 15,18,50,625 |
| **BS-5-REVENUEINCOME-NONPLANGRANTS** | | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 160 | Revenue Grants, Funds, Contributions & Compensations | | | |
| 1601003 | State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 2,21,39,500 | 4,00,00,000 | 4,50,00,000 |
| 160 | Total-Revenue Grants, Funds, Contributions & Compensations | 2,21,39,500 | 4,00,00,000 | 4,50,00,000 |
| BS-6-CAPITALINCOME-LOANS | | | | |
| 330 | loans | | | |
| 3305002 | loans - Loan from Financial Institutions-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | | 51,79,000 | 0 |
| 330 | Total-loans | 0 | 51,79,000 | 0 |
| BS-7Capitalincomeotherthanloans | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 8,39,883 | 46,25,510 | 80,00,000 |
| 3202001 | Development Fund - വികസന ഫണ്ട് | 77,80,154 | 1,06,07,675 | 1,37,50,000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം | | 0 | 25,00,000 |
| 320 | Total Capital income other than loans | 86,20,037 | 1,52,33,185 | 2,42,50,000 |
| | TOTAL INCOME | 13,47,33,199 | 18,66,99,592 | 23,62,51,625 |
| EXPENDITURES | | | | |
| BS-8-RevenueExpenditure-Mandatoryfunctions | | | | |
| 210 | Establishment Expenses | | | |
| 2101001 | Salaries-ശമ്പളം | 58,04,865 | 62,50,000 | 83,00,000 |
| 2101002 | Wages-കൂലി | 3,29,180 | 4,00,000 | 4,50,000 |
| 2101003 | Bonus-ബോണസ് | 10,828 | 18,110 | 20,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2102001 | Travelling Allowances-യാത്രാ ബത്ത | 66,926 | 1,40,000 | 1,90,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 2,67,515 | 1,50,000 | 2,00,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 14,14,456 | 17,00,000 | 17,00,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 1,30,650 | 1,55,000 | 1,80,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 1,13,092 | 1,40,000 | 1,60,000 |
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യുഷൻ | 7,02,003 | 6,50,000 | 9,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 54,014 | 4,00,000 | 6,00,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 1,17,845 | 0 | 5,00,000 |
| 210 | Total | 90,11,374 | 1,00,03,110 | 1,32,00,000 |
| 220 | Administrative Expenses | | | |
| 2201001 | Rent-വാടക | 0 | 40,000 | 35,000 |
| 2201003 | Taxes-നികുതി | 1,105 | 2,000 | 2,500 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 51,619 | 80,000 | 85,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 1,30,389 | 1,30,000 | 1,50,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 13,860 | 20,000 | 25,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 86,815 | 2,00,000 | 2,00,000 |
| 2204001 | Insurance and Registration-ഇന്ഷുറൻസ്/രജിസ്ട്രേഷൻ | 22,969 | 50,000 | 55,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 0 | 0 | 15,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 5,154 | 32,000 | 40,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 23,562 | 30,000 | 35,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 0 | 7,000 | 10,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 26,148 | 32,000 | 2,50,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 0 | 5,000 | 10,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 3,69,116 | 2,00,000 | 2,20,000 |
| 220 | Total | 7,30,737 | 8,28,000 | 11,32,500 |
| 230 | Operations & Maintenance | | | |
| 2301001 | Power-വൈദ്യുതി/ഊർജം | 3,02,768 | 3,60,000 | 4,00,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 1,73,275 | 2,50,000 | 2,75,000 |
| 2303001 | Consumption of Stores | 0 | 10,000 | 15,000 |
| 2304001 | Hire Charges-വാടക | 0 | 20,000 | 25,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | 7,329 | 20,000 | 25,000 |
| 2305004 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്ക്കളും | 0 | 30,000 | 25,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 1,68,169 | 1,20,000 | 1,25,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 10,022 | 20,000 | 25,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 230 | Total | 6,61,563 | 8,30,000 | 9,15,000 |
| 240 | Interest & Finance Charges | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 1,369 | 1,500 | 1,500 |
| 2408001 | Other Finance Expenses-ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 1,10,000 | 30,000 | 35,000 |
| 240 | Total | 1,11,369 | 31,500 | 36,500 |
| | TOTAL STATUTORY EXPENDITURE | 1,05,15,043 | 1,16,92,610 | 1,52,84,000 |
| BS-9RevenueExpenditurePlan | | | | |
| 250 | Decentralised Plan Programme - Productive Sector | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 2,04,000 | 1,06,500 | 1,00,000 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 46,000 | 2,40,000 | 0 |
| 2501003 | Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ | 0 | 13,84,400 | 0 |
| 2501008 | Agriculture and Related Sectors - Watershed Management-കൃഷിയും അനുബന്ധ മേഖലകളും-നീർത്തട വികസനം | 0 | 5,20,000 | 0 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 25,62,371 | 17,02,880 | 47,09,000 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 14,93,000 | 0 | 55,000 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 37,500 | 0 | 1,50,000 |
| 2501013 | Agriculture and Related Sectors -Tuber Crops-കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | 1,84,500 | 0 | 0 |
| 2501014 | Agriculture and Related Sectors -Horticulture-കൃഷിയും അനുബന്ധ മേഖലകളും- | 55,440 | 0 | 0 |
| 2501017 | Agriculture and Related Sectors -Floriculture-കൃഷിയും അനുബന്ധ മേഖലകളും | 4,29,000 | 2,24,000 | 2,50,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 30,000 | 3,00,000 | 0 |
| 2501023 | Agriculture and Related Sectors - Apiculture-കൃഷിയും അനുബന്ധ മേഖലകളും | 0 | 1,75,000 | 0 |
| 2501024 | Agriculture and Related Sectors - Integrator Crop Protection-കൃഷിയും അനുബന്ധ മേഖലകളുംസംയോജിത വിള സംരക്ഷണം | 0 | 36,900 | 2,00,000 |
| 2501025 | Agriculture and Related Sectors - Infrastructure-കൃഷിയും അനുബന്ധ മേഖലകളും | 0 | 5,48,331 | 0 |
| 2501026 | Agriculture and Related Sectors - Agriculture Related Facilities-കൃഷിയും അനുബന്ധ മേഖലകളും-അനുബന്ധ സൌകര്യങ്ങൾ | 0 | 90,000 | 0 |
| 2501031 | Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ | 0 | 14,26,000 | 6,25,000 |
| 2501032 | Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ | 0 | 0 | 20,80,000 |
| 2501034 | Animal Husbandry -Calf-മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | 30,000 | 1,70,000 | 0 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 4,57,600 | 8,71,000 | 9,07,500 |
| 2501036 | Animal Husbandry -Broiler-മൃഗ സംരക്ഷണം-ഇറച്ചികോഴി വളർത്തൽ | 0 | 1,65,880 | 0 |
| 2501039 | Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ | 2,50,943 | 4,84,800 | 0 |
| 2501040 | Animal Husbandry -Disease Control-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 30,000 | 2,00,000 | 20,50,000 |
| 2501041 | Animal Husbandry -Related Facility-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 0 | 2,20,000 | 0 |
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും | 4,32,194 | 0 | 2,75,000 |
| 2501048 | Dairy Development -Infrastructure-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ | 2,29,760 | 0 | 0 |
| 2501049 | FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി | 2,07,000 | 0 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2501050 | BrakishWater -Pisciculture- ഓരുജല മൽസ്യ കൃഷി | 25,925 | 0 | 0 |
| 2501061 | Fisheries Infrastructure-മത്സ്യകൃഷി-പശ്ചാത്തല സൌകര്യങ്ങൾ | 0 | 13,35,000 | 2,27,500 |
| 2501062 | Fisheries Related Facilities-മത്സ്യ ബന്ധനം -അനുബന്ധ സൌകര്യങ്ങൾ | 22,814 | 23,33,941 | 8,19,000 |
| 2501064 | Assistance to Fisheries Studies co-operative- | 95,760 | 0 | 14,30,000 |
| 2502001 | Soil and Water Conservation - മണ്ണ് ജല സംരക്ഷണം | 0 | 20,000 | 0 |
| 2502003 | Flood control-വെള്ളപ്പൊക്ക നിവാരണം | 0 | 1,50,000 | 1,00,000 |
| 2502006 | Water Conservation-ജല സംരക്ഷണം | 0 | 0 | 18,00,000 |
| 2503001 | Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 0 | 23,40,000 | 29,10,000 |
| 2503002 | Handicrafts Industry-കൈത്തൊഴിൽ സംരംഭങ്ങൾ | 2,10,000 | 0 | 0 |
| 2503016 | Market Promotion-വിപണന പ്രോത്സാഹന പരിപാടികൾ | 4,50,000 | 0 | 0 |
| 2503017 | Financial Assistance to co-operative societies-സഹകരണ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം | 0 | 10,00,000 | 0 |
| 2504002 | Interventions in Environmental Sector-പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ | 0 | 75,000 | 0 |
| 2505003 | Solar Power Generation-സൌരോർജ പദ്ധതികൾ | 0 | 0 | 52,000 |
| 250 | Total-Decentralised Plan Programme - Productive Sector | 74,83,807 | 1,61,19,632 | 1,87,40,000 |
| 251 | Decentralised Plan Programme - Service Sector | | | |
| 2510115 | Literacy Equivalance Examination-സാക്ഷരത -തുല്യതാ പരീക്ഷ | 0 | 3,16,345 | 1,00,000 |
| 2511002 | Primary Education-പ്രൈമറി വിദ്യാഭ്യാസം | 0 | 13,59,280 | 40,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2511006 | SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 11,98,655 | 0 | 50,000 |
| 2511007 | Sports-സ്പോട്സ് | 22,680 | 1,53,000 | 1,80,000 |
| 2511008 | Youth Welfare-യുവജനക്ഷേമം | 1,29,372 | 0 | 0 |
| 2511010 | Arts and Culture-കല-സംസ്കാരം | 2,66,478 | 1,90,000 | 0 |
| 2511011 | Continuing Education and Non-formal Education അനൌപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 82,200 | 70,000 | 70,000 |
| 2511013 | Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ | | 0 | 60,000 |
| 2511014 | Financial Assistance for SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം | 72,800 | 0 | 0 |
| 2511015 | Reading Rooms ,Libraries - Books-വായന ശാലകളും റീഡിംഗ് റൂമുകളും-പുസ്തകങ്ങൾ | 53,720 | 0 | 75,000 |
| 2511019 | Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ | 0 | 0 | 1,30,000 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള്/ആസ്പത്രികള്/ഡിസ്പന്സറികൾ | 7,02,231 | 5,40,756 | 3,00,000 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 0 | 19,00,000 | 0 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 0 | 3,00,000 | 1,00,000 |
| 2512004 | Medicines-മരുന്നുകൾ | 10,58,052 | 33,41,948 | 41,00,000 |
| 2512005 | Hospital Waste Management-ആസ്പത്രി മാലിന്യ പരിപാലനം | 89,839 | 0 | 0 |
| 2512007 | Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ | 21,89,879 | 2,34,542 | 1,00,000 |
| 2512008 | Drinking Water-കുടിവെള്ളം | 21,52,907 | 1,35,27,000 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2512009 | Sanitation-ശുചിത്വം | 24,95,339 | 1,24,86,925 | 2,00,000 |
| 2512010 | Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ | 0 | 7,00,000 | 0 |
| 2512011 | Community Health Sub centers-കമ്മ്യൂണിറ്റി ഹെൽത്ത് സബ് സെന്റർ | 0 | 20,135 | 0 |
| 2512014 | Ayurveda Dispensary-ആയുർവേദ ഡിസ്പൻസറി | 9,00,000 | 0 | 10,00,000 |
| 2512018 | Homeo Dispensary-ഹോമിയോ ഡിസ്പൻസറി | 3,00,000 | 3,50,000 | 0 |
| 2512022 | Sidha-Medical Institution -ആരോഗ്യ സ്ഥാപനം-സിദ്ധ | 6,238 | 0 | 0 |
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | 0 | 10,60,000 | 0 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 0 | 5,29,126 | 20,00,000 |
| 2513001 | Housing-ഭവന നിർമാണം | 99,18,734 | 3,49,87,067 | 2,12,00,000 |
| 2513004 | Electrification-വൈദ്യുതീകരണം. | 0 | 50,000 | 0 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 35,500 | 10,94,500 | 28,50,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 3,57,830 | 39,70,770 | 35,65,000 |
| 2513007 | Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ | 33,146 | 1,16,000 | 2,50,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 5,63,52,205 | 0 | 4,20,60,000 |
| 2513009 | Women's Welfare Programs-വനിതാ ക്ഷേമ പരിപാടി | 0 | 1,13,320 | 2,00,000 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 0 | 5,40,000 | 7,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2513012 | **Other Social Security Programs**-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികള്‍ | 11,000 | 2,36,854 | 3,50,000 |
| 2513014 | **Housing & House Electrification - Construction/Purchase by Local Government-** | 0 | 0 | 0 |
| 2513015 | **Housing & House Electrification - Loan Repayment-** ഭവനം/ഭവന വൈദ്യുതീകരണം -ലോണ്‍ തിരിച്ചടവ് | 0 | 0 | 7,12,392 |
| 2514001 | **Development Programs for Women and Children** -വനിതാ ശിശു ക്ഷേമ പരിപാടികള്‍ | 11,856 | 0 | 0 |
| 2514002 | **Special Child Welfare Program**-പ്രത്യേക ശിശുക്ഷേമ പരിപാടികള്‍ | 1,25,646 | 6,05,868 | 0 |
| 2514101 | **Anganwadi Nutrition**-അംഗന്‍വാടി പോഷകാഹാര പരി പാടി | 12,56,630 | 20,00,000 | 20,00,000 |
| 2514201 | **Anganwadi Infrastructure**-അംഗന്‍വാടി പശ്ചാത്തല സൌകര്യങ്ങള്‍ | 3,88,639 | 1,00,000 | 0 |
| 2514202 | **Anganwadi Related Services**-അംഗന്‍വാടി അനുബന്ധ സൌകര്യങ്ങള്‍ | 6,83,400 | 31,08,637 | 0 |
| 2516001 | **General Economic Services - Tourism**-ടൂറിസം | 0 | 50,000 | 0 |
| 2516005 | **General Economic Services- Plan Formulation, Monitoring and Evaluation**-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 1,91,788 | 3,08,212 | 2,50,000 |
| 2516006 | **General Economic Services- Good Governance** -സല്‍ ഭരണം | 14,14,763 | 3,41,785 | 19,65,000 |
| 2516007 | **General Economic Services- Computerisation of LSGIs and Transferred Institutions**-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും | 58,893 | 0 | 1,85,000 |
| 2516008 | **General Economic Services- Other Plan Expenditure**-മറ്റ് പ്ലാന്‍ ചെലവുകള്‍ | 0 | 13,000 | 0 |
| 2516101 | **Vocational Capacity Building - Vocational Training**-തൊഴില്‍ നൈപുണ്യ വികസനം -തൊഴില്‍ പരിശീലനം | 0 | 0 | 7,50,000 |
| 2516102 | **Vocational Capacity Building - Institutional Development**-തൊഴില്‍ നൈപുണ്യ വികസനം -സ്ഥാപനങ്ങളുടെ വികസനം | 0 | 48,000 | 0 |
| 2516201 | **Energy Conservation**-ഊര്‍ജ സംരക്ഷണം | 0 | 52,000 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2516301 | Electricity Line Extension-വൈദ്യുത ലൈൻ നീട്ടൽ | 1,83,319 | 0 | 0 |
| 2516401 | Tourism Infrastructure-ടൂറിസം പശ്ചാത്തല സൌകര്യങ്ങൾ | 0 | 0 | 10,00,000 |
| 2516501 | Local Government Service Delivery Improvement-( | 1,20,000 | 25,000 | 0 |
| 2516502 | Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ | 5,93,000 | 33,67,101 | 37,65,440 |
| 251 | Total-Decentralised Plan Programme - Service Sector | 8,34,56,739 | 8,82,07,171 | 9,03,07,832 |
| 252 | Decentralised Plan Programme - Infrastructure Sector | | | |
| 2521001 | Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 0 | 5,55,387 | 2,50,000 |
| 2522001 | Roads-റോഡുകൾ | 12,21,082 | 11,52,164 | 2,85,42,000 |
| 2522012 | Other Programs in Infrastructure Sector-പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 0 | 2,00,000 | 0 |
| 252 | Total | 12,21,082 | 19,07,551 | 2,87,92,000 |
| 253 | Projects not included in Sector Division | | | |
| 2531001 | Drinking Water related Projects-കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ | 0 | 0 | 40,65,690 |
| 2531005 | Solid Waste Management Programs under Total Sanitation Campaign-സമ്പൂർണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള  ഖര മാലിന്യ പരിപാലന പരിപാടി | 0 | 0 | 55,57,080 |
| 2531006 | Asraya Projects for Rehabilitation of Destitute-ആശ്രയ പദ്ധതി | 0 | 2,00,000 | 0 |
| 2531009 | Computerisation of Panchayats-പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 0 | 3,71,940 | 0 |
| 2531011 | Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം | 0 | 0 | 5,00,000 |
| 2531012 | Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ | 0 | 1,64,023 | 1,64,023 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2531014 | Payments to Drinking Water-കുടിവെള്ളത്തിനുള്ള പണം നൽകൽ | 0 | 0 | 25,24,000 |
| 253 | Total-Projects not included in Sector Division | 0 | 7,35,963 | 1,28,10,793 |
| 255 | Maintenance Projects | | | |
| 2551001 | Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 0 | 75,48,987 | 0 |
| 2552006 | Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി/ഡിസ്പൻസറി -അലോപ്പതി | 1,49,864 | 0 | 0 |
| 2552007 | Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Dispensaries) -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ആയുർവേദം | 2,44,862 | 0 | 0 |
| 2552011 | Maintenance Projects - Non Road Assets- Transferred Institutions - General Education-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം | 7,27,550 | 0 | 0 |
| 255 | Total | 11,22,276 | 75,48,987 | 0 |
| 256 | Other Revenue Grants and funds | | | |
| 2561001 | Other Revenue Grants and funds- Revenue Expenses | 11,391 | 0 | 0 |
| 256 | Other Revenue Grants and funds | 11,391 | 0 | 0 |
| 260 | Grants, Contributions and Compensations from Own Fund | | | |
| 260 | Grants, Contributions and Compensations from Own Fund | 0 | 0 | 0 |
| BS12CAPITALEXPENDITUREOTHERTHANLOANS | | | | |
| 4101001 | Land | 6,51,696 | 8,00,000 | 40,00,000 |
| 4102001 | Buildings | 18,83,061 | 63,44,578 | 10,00,000 |
| 4103001 | Roads | 14,23,263 | 9,67,388 | 50,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
| --- | --- | --- | --- | --- |
| 4103003 | Culverts, Bridges & Other constructions | 14,02,023 | 2,00,000 | 54,50,000 |
| 4104001 | Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.) | | 15,000 | 0 |
| 4106001 | Electricity | 17,51,349 | 16,22,324 | 66,75,000 |
| 4107001 | Waste Treatment | | 17,92,300 | 0 |
| 4107101 | Movable Assets | 15,08,645 | 29,00,595 | 16,65,000 |
| 4108001 | Other Fixed Assets | | 41,000 | 4,60,000 |
| 410 | Total | 86,20,037 | 1,46,83,185 | 2,42,50,000 |
| | TOTAL PLAN REVENUE EXPENDTURE | 9,32,95,295 | 11,45,19,304 | 15,06,50,625 |
| | TOTAL PLAN CAPITAL EXPENDITURE | 86,20,037 | 1,46,83,185 | 2,42,50,000 |
| TOTALPLANEXPENDITURE | | 10,19,15,332 | 12,92,02,489 | 17,49,00,625 |
| BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES | | | | |
| 254 | Expenditures of Transferred Institutions (not included under Decentralised Plan | | | |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)-<br>സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 2,21,39,500 | 4,00,00,000 | 4,50,00,000 |
| 254 | Total-Expenditures of Transferred Institutions (not included under | 2,21,39,500 | 4,00,00,000 | 4,50,00,000 |
| BS-11CAPITALEXPENDITURE-LOANREPAYMENTS | | | | |
| 330 | Loans | | | |
| 3305002 | loans - Loan from Financial Institutions | 11,71,509 | 12,00,000 | 12,00,000 |
| | Total-loans | 11,71,509 | 12,00,000 | 12,00,000 |
| | TOTAL EXPENDITURE | 13,57,41,384 | 18,20,95,099 | 23,63,84,625 |
| | CLOSING BALANCE | -36,09,853 | 9,94,640 | 8,61,640 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|

| BS-13- RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും,മടക്കിനല്കലും) | | | |
|---|---|---|---|
| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Budget Estimates 2025-26 (ബജറ്റ്-2025-26) വരവ് | Budget Estimates 2025-26 (ബജറ്റ്-2025-26) മടക്കി നൽകൽ |
| 340 10 01 | **Earnest Money Deposit-**നിരതദ്രവ്യം | 0 | 0 |
| 340 10 02 | **Security Deposit-**സെക്യൂരിറ്റി നിക്ഷേപം | 0 | 0 |
| 340 10 03 | **Retention-**റിടെൻഷൻ | 0 | 0 |
| 340 10 99 | **Other Deposits-**മറ്റ് നിക്ഷേപങ്ങൾ | 0 | 0 |
| 340 20 01 | **Deposits-Revenue-**റവന്യു നിക്ഷേപങ്ങൾ | 0 | 0 |
| 340 30 01 | **Deposits Received From Staff-**ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 340 80 01 | **Deposit Received from Others-**മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 350 11 01 | **Employee Liabilities –**ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ | 0 | 0 |
| 350 20 01 | **Recoveries Payable -**റിക്കവറികൾ അടവാക്കനുള്ളത് | 0 | 0 |
| 350 20 02 | **Recoveries Payable - Deductions FROM WORK BILLS-**വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | 0 | 0 |
| 350 30 01 | **Government and Other Dues Payable-**സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | 0 | 0 |
| 110 | **Total ആകെ** | 0 | 0 |